LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 12-10-2012-ൽ നിലവിൽ വന്ന ജി.ഒ.(എംഎസ്.)നമ്പർ 503/12 സ്പെഷ്യൽ റൂൾ പ്രകാരം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർമാരുടെ നേരിട്ടുള്ള നിയമനത്തിനും തസ്തിക്മാറ്റം വഴിയുള്ള നിയമനത്തിനും 1:1 എന്ന അനുപാതം നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ ബൈട്രാൻസ്ഫർ വഴിയുള്ള നിയമനങ്ങളുടെ എണ്ണം ഉയർന്ന് നിൽക്കുന്നതിനാൽ 1:1 അനുപാതം കേഡർ സെട്രങ്ത് അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതുവരെ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. കേഡർ സ്ട്രെങ്ത് അടിസ്ഥാനത്തിലുള്ള 1:1 അനുപാതം പൂർത്തിയായാൽ മാത്രമേ ബൈട്രാൻസ്ഫർ നിയമനം നടത്താൻ കഴിയുകയുള്ളൂ.

(സി) നിലവിലുള്ള സർവ്വീസ് റൂളിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വിദ്യാർത്ഥി വ്യവസായ സംരംഭകത്വ പദ്ധതി

102(2978) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാർത്ഥി വ്യവസായ സംരംഭകത്വ പദ്ധതിയിൻകീഴിൽ വിദ്യാഭ്യാസ വകുപ്പ് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ വ്യവസായ, വിവര സാങ്കേതിക വകുപ്പുകൾ, സർവ്വകലാശാലകൾ, ടെക്നോപാർക്ക് ടി ബി ഐ., കാക്കനാട്ടുള്ള സ്റ്റാർട്ട് അപ്പ് വില്ലേജ്, സംസ്ഥാനത്തെ 8 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, 4 പോളിടെക്നിക്ക് കോളേജുകൾ, കളമശ്ശേരിയിലെ സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങൾ വ്യവസായ സംരംഭകത്വ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ സംരംഭങ്ങൾക്ക് പ്രചോദനം നൽകേണ്ടത് കേരളത്തിന്റെ വികസനത്തിന് അനിവാര്യമാണെന്ന് കണ്ടതിനാൽ സംരംഭകത്വ ക്ലബ്ബുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംരംഭകത്വ ക്ലബുകൾ സ്ഥാപിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം 15-1-2014-ന് ടെക്നോപാർക്കിൽ ബഹു. മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി. സാധാരണ ക്ലബുകളിൽനിന്ന് വ്യത്യസ്തമായി സംരംഭകത്വ ക്ലബുകൾ സൊസൈറ്റികളായി രജിസ്റ്റർ ചെയ്യുകയും പൂർണ്ണമായും വിദ്യാർത്ഥികൾതന്നെ നടത്തുകയും ചെയ്യുന്നു. എല്ലാ കോളേജുകളിലും ഇത്തരം ക്ലബുകൾ സ്ഥാപിക്കുക എന്നതാണ് ലക്ഷ്യം. സംസ്ഥാന ബഡ്ജറ്റിന്റെ

ഒരു ശതമാനം യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി മാറ്റിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകത്വ പദ്ധതിയെ എല്ലാ സർവ്വകലാശാലകളും അക്കാദമിക് റെഗുലേഷൻസിലും ഉൾപ്പെടുത്തുക, സർവ്വകലാശാലകളിൽ ഇതിനുവേണ്ടി പ്രത്യേക സെൽ ആരംഭിക്കുക, ഇൻക്യൂബേറ്റർ അംഗീകരിച്ച പ്രോജക്ടുകൾ വിദ്യാർത്ഥികളുടെ അവസാന വർഷ പ്രോജക്ടിന്റെ ഭാഗമാക്കി സിലബസ്സ് അനുസരിച്ച് മാർക്ക് നൽകുക, ആയിരം കോളേജുകളിൽ ബൂട്ട് ക്യാമ്പുകൾ സംഘടിപ്പിക്കുക, അയ്യായിരം ബിരുദ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഭാവിയിൽ വിവിധ മേഖലകളിൽ തിളങ്ങുന്നതിന് നേതൃത്വ പരിശീലനം നൽകുക തുടങ്ങിയ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്. ടെക്നോളജി ബിസിനസ്സ് ഇൻകബേറ്റർ സ്ഥാപിക്കുന്നതിനായി 2015-16 ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് 1 കോടി രൂപ വീതം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

സാക്ഷരത നിരക്ക്

103(2981) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം സാക്ഷരതാ നിരക്കിൽ എത്രാം സ്ഥാനത്താണ്;

(ബി) സാക്ഷരത വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിക്കുന്ന നൂതന പദ്ധതികൾ ഏതെല്ലാം;

(സി) സാക്ഷരതാ തുടർ വിദ്യാഭ്യാസ രംഗത്തുണ്ടായ നേട്ടങ്ങൾ ഏതെല്ലാമാണ്;

(ഡി) അട്ടപ്പാടി ആദിവാസി മേഖലയിലെ നിരക്ഷരതാ നിർമ്മാർജ്ജനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളം സാക്ഷരതാ നിരക്കിൽ ഒന്നാം സ്ഥാനത്താണ്.

(ബി) സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി മുഖേന സാക്ഷരത വർദ്ധിപ്പിക്കുന്നതിനായി അക്ഷരലക്ഷം എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) സാക്ഷരതാ തുടർ വിദ്യാഭ്യാസ രംഗത്ത് നാലാംതരം, ഏഴാംതരം കോഴ്സുകൾ സാക്ഷരതാ മിഷൻ നടത്തിവരുന്നു. കൂടാതെ 2006-07-ൽ ആരംഭിച്ച പത്താംതരം തുല്യതാ കോഴ്സ് ഒമ്പതു ബാച്ചുകൾ പൂർത്തിയാവുകയും 88473 പേർക്ക് പത്താംതരം തുല്യത നേടിയെടുക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഭാഷാ ന്യൂനപക്ഷ

LIBRARY ARCHIVES Kerala Legislative Assembly